# പതിമൂന്നാം കേരള നിയമസഭ
# എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം ന മ്പർ: 53 — 19.03.2013 ൽ മറുപടിക്ക്

## സംസ്ഥാനത്തെ റയിൽവെ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ:<br>ശ്രീ. സി. ദിവാകരൻ:<br>,, ഇ.കെ. വിജയൻ:<br>,, കെ. അജിത്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റയിൽവെ ചരക്ക് കൂലി വർദ്ധനവ് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കുമോ; | (എ) | റയിൽവേ ചരക്ക് കൂലി വർദ്ധന എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ റയിൽവെയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് റയിൽകോച്ച് ഫാക്ടറിക്കായി സ്ഥലം കേന്ദ്ര സർക്കാരിനു നല്കുകയും അങ്കമാലി ശബരി ലൈനിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നത് അന്തിമ ഘട്ടത്തിലെത്തിക്കുകയും പാത ഇരട്ടിപ്പിക്കലിൽ ഗണ്യമായ പുരോഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ റെയിൽവേ വികസന പദ്ധതികൾ സംസ്ഥാനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതി കേരളത്തിലും ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും അതനുസരിച്ച് കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം സ്ഥാപിച്ച് കേരളത്തിലെ കോച്ച് ലഭ്യത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 5 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം ടൗൺ സ്റ്റേഷൻ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട്, കോട്ടയം റയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിന് പത്ത് കോടി രൂപയും സംസ്ഥാന സർക്കാർ മാറ്റിവച്ചിട്ടുണ്ട്. ശബരി റയിൽ പാത നിർമ്മാണം ഈ വർഷം തന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ കൊണ്ടുവരാൻ കഴിഞ്ഞ പുതിയ | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12 ലെ റയിൽ ബഡ്ജറ്റിലെ |

| | | | |
|---|---|---|---|
| | ട്രെയിനുകൾ എത്ര, പാത ഇരട്ടിപ്പിക്കൽ. വൈദ്യുതീകരണം, പുതിയ റയിൽപാത എന്നിവയ്ക്കായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഫലം എന്തായിരുന്നുവെന്ന് വിശദമാക്കുമോ; | | പ്രഖ്യാപന പ്രകാരം താഴെപ്പറയുന്ന ട്രെയിനുകൾ ഓടിത്തുടങ്ങിയിട്ടുണ്ട്.<br>i. ചെന്നൈ - തിരുവനന്തപുരം എ.സി ദുരന്തോ ദ്വൈവാര ട്രെയിൻ<br>ii. ദിബ്രുഗഢ് - കന്യാകുമാരി വീക്ക് ലി എക്സ് പ്രസ് ട്രെയിൻ<br>iii. നിലമ്പൂർ റോഡ് - തിരുവനന്തപുരം രാജ്യറാണി എക്സ് പ്രസ്<br>iv. എറണാകുളം - ബാംഗ്ലൂർ വീക്ക് ലി<br>v. മംഗലാപുരം - പാലക്കാട് ഇന്റർ സിറ്റി പ്രതിദിനം<br>vi. ആലപ്പുഴ വഴി എറണാകുളം - കൊല്ലം മെമു<br>vii. നാഗർഗോവിൽ - തിരുവനന്തപുരം പാസ്സഞ്ചർ കൊച്ചുവേളി വരെ നീട്ടി<br>viii. ഷൊർണൂർ - എറണാകുളം പാസ്സഞ്ചർ എല്ലാ ദിവസവുമാക്കി.<br><br>സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനായി ആവശ്യമായ വകയിരുത്തലുകൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2012 നവംബർ മാസം ഒരു വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിന്റെ വിശദാംശം അനുബന്ധം-I ആയി വച്ചിരിക്കുന്നു.<br><br>ഇപ്പോൾ ഹരിപ്പാട് -അമ്പലപ്പുഴ, തുറവൂർ - എറണാകുളം, ചെങ്ങന്നൂർ - മുളംതുരുത്തി ഭാഗങ്ങളിലെ പാത ഇരട്ടിപ്പിക്കൽ പണി പുരോഗമിക്കുന്നു. 2013-14 ൽ വിവിധ പണികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നു.<br>i. പുതിയ ലൈനുകൾ -12 കോടി രൂപ<br>ii. ഗേജ് മാറ്റം -20 കോടി രൂപ<br>iii. പാത ഇരട്ടിപ്പിക്കൽ -82.5 കോടി<br>iv. ROB/RUB - 20.58 കോടി രൂപ |

<table>
<tr>
<td>(ഡി)</td>
<td>സംസ്ഥാനത്തെ നടപ്പു റയിൽവെ പദ്ധതികളുടെ വിഹിതം ഇപ്പോൾ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്രമാത്രം കുറവാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?</td>
<td>(ഡി)</td>
<td>ഇതു സംബന്ധിച്ച കണക്ക് താഴെപ്പറയുന്നു.
<table>
<tr><th>Plan Head</th><th>Revised Budget Grant 2012-13</th><th>Budget Grant 2013-14</th><th>Difference</th></tr>
<tr><td>New line</td><td>31.85</td><td>12.00</td><td>(-) 19.85</td></tr>
<tr><td>Gauge Conversion</td><td>8.00</td><td>20.00</td><td>(+)12.00</td></tr>
<tr><td>Doubling</td><td>141.47</td><td>82.5</td><td>(-)58.97</td></tr>
<tr><td>ROBs/RUBs</td><td>36.50</td><td>20.56</td><td>(-)15.94</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം I

2013-14 ലെ റയിൽവേ ബഡ്ജറ്റിൽ 2004-2005 മുതലുള്ള റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ റയിൽവേ വികസനവുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനാവശ്യമായ വകയിരുത്തലുകൾക്കൊപ്പം, 2013-14 ൽ മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾക്കും പണികൾക്കും കേരളത്തിൽ നിന്നുമുള്ള ബഹു. കേന്ദ്രമന്ത്രിമാർ, എം.പിമാർ എന്നിവരുടെ അഭിപ്രായാനുസരണം 2013-14 ൽ നടപ്പിലാക്കേണ്ട മറ്റ് പ്രധാന ആവശ്യങ്ങൾക്കും ഉള്ള വകയിരുത്തലുകളും വേണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇതുവരെ പ്രഖ്യാപിക്കപ്പെട്ടവയിൽ പ്രധാനമായും പാലക്കാട് കോച്ച് ഫാക്ടറി, ആട്ടോകാസ്റ്റ്, സിൽക്ക് എന്നിവയുമായി ചേർത്തലയിൽ റയിൽവേയുടെ കൂട്ടു സംരംഭം, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർ റയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക്ക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, എറണാകുളം, പാലക്കാട്, കാസറഗോഡ്, മാവേലിക്കര തിരുവനന്തപുരം എന്നിവിടങ്ങളിൽ മൾട്ടി ഫംക്ഷണൽ കോംപ്ലക്സുകൾ, റയിൽ യാത്രി സേവക് സംവിധാനം, ആദർശ് സ്റ്റേഷനുകൾ, പാലക്കാട് കോൺക്രീറ്റ് സ്ലീപ്പർ പ്ലാന്റ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, ഹൈസ്പീഡ് റയിൽ കോറിഡോർ, പുതിയ ട്രെയിനുകൾ, പി.ആർ.എസും ടിക്കറ്റ് കൗണ്ടറുകളും, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, യാത്രക്കാരുടെ സുരക്ഷ, ആളില്ലാ ലവൽ ക്രോസിംഗുകളിൽ ആളെ നിയമിക്കുന്നത് തുടങ്ങിയവയും, കൂടാതെ കോട്ടയം റയിൽവേ സ്റ്റേഷനിലെ ഗുഡ്സ്യാർഡ് ഏറ്റുമാനൂരേക്ക് മാറ്റുന്നതും, നെടുമ്പാശ്ശേരി, കണ്ണൂർ, കണ്ണൂർ സൗത്ത്, ചിറക്കൽ, വളപട്ടണം ധർമ്മടം, പാപ്പിനിശ്ശേരി, ഇടക്കാട്, ഷൊർണൂർ, കാസറഗോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ, നീലേശ്വരം, കോട്ടിക്കുളം, പയങ്ങാടി, കണ്ണപുരം, മഞ്ചേശ്വരം, പയ്യന്നൂർ, ബേക്കൽ ഫോർട്ട്, തൃക്കരിപ്പൂർ, ഏഴിമല, വടക്കാഞ്ചേരി, മുളംകുന്നത്ത്കാവ്, വില്ലിംഗ്ഡൺ ഐലന്റ്, കുമ്പളം, മുളന്തുരുത്തി, കാഞ്ഞിരമറ്റം, പിറവം, വൈയ്ക്കം, കുറുപ്പന്തറ, ഏറ്റുമാനൂർ, ചിങ്ങവനം,കോട്ടയം, പത്തനാപുരം, ചാലക്കുടി, കൊരട്ടിഅങ്ങാടി, നേമം എന്നീ റയിൽവേ സ്റ്റേഷനുകളിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, പുതിയ ട്രെയിനുകൾ, നിലവിലുള്ളവയുടെ ദീർഘിപ്പിക്കൽ, ആവർത്തനം വർദ്ധിപ്പിക്കൽ, സ്റ്റോപ്പുകൾ, അധിക കോച്ചുകൾ, ഡൽഹി മുംബൈ കേരള ഹൗസുകളിൽ പി.ആർ.എസ്. സംവിധാനം, ഡൽഹി, മുംബൈ തുടങ്ങിയ നഗരങ്ങളിലേക്ക് പുതിയ ട്രെയിനുകൾ നിലവിലുള്ള ട്രെയിനുകളുടെ ആവർത്തനം വർദ്ധിപ്പിക്കൽ, വടക്കാഞ്ചേരി റയിൽവേ സ്റ്റേഷനിൽ കൃഷിക്കാർക്കായി പാഴ്സൽ ബുക്കിംഗ് തുടങ്ങിയവയാണ് നിവേദനത്തിലുന്നയിച്ചിരിക്കുന്ന പ്രധാന ആവശ്യങ്ങൾ.